## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1727 | 17.06.2013 ന് മറുപടിയ്ക്ക്

**വിളകളെ വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്ന പദ്ധതികൾ**

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ.പി. എ. മാധവൻ
ശ്രീ.എം.എ. വാഹിദ്
ശ്രീ.ആർ. സെൽവരാജ്

(എ) സംസ്ഥാനത്തെ കർഷകരേയും അവരുടെ വിളകളെയും വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്നത് ഉറപ്പാക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകിയിട്ടു ണ്ടോ; വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) ഉണ്ട്. താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
2. സൗരോർജ്ജ – വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.
3. കയ്യാലകളുടെ നിർമ്മാണം.
4. ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.
5. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിനു പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.
6. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക.
7. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
8. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.

9. വിളകൾ നശിപ്പിക്കുന്ന കാട്ടു പന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി.

10. 560 കോടി രൂപയുടെ സംയോജിത തണ്ണീർത്തട പദ്ധതിയുടെ ഭാഗമായി വനത്തിൽ വന്യമൃഗങ്ങൾക്ക് ജല-ഭക്ഷണ ലഭ്യത ഉറപ്പാക്കുക.

11. മൂന്നാർ മേഖലയിൽ യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 30 കോടി രൂപയോളം അടങ്കൽ വരുന്ന ഹൈറെയിഞ്ച് ലാന്റ്സ്കേയിപ്പ് പ്രോജക്ട് മുഖേന വനസംരക്ഷണം നടപ്പിലാക്കി വന്യമൃഗ ആവാസ വ്യവസ്ഥ സംരക്ഷിക്കുക.

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

(ബി)&(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റ് വിഹിതം കൂടാതെ നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി, ലോകബാങ്ക് എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

**1.** 560 കോടി രൂപയുടെ സംയോജിത തണ്ണീർത്തട പദ്ധതിക്ക് വിദേശ ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് ഇതിനകം സമർപ്പിച്ചു കഴിഞ്ഞു.

**2.** മൂന്നാർ മേഖലയിൽ യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 30 കോടി രൂപയോളം അടങ്കൽ വരുന്ന ഹൈറെയിഞ്ച് ലാന്റ്സ്കേയിപ്പ് പ്രോജക്ടിന് അന്തിമ രൂപം നൽകി വരുന്നു.

**3.** നബാർഡിന്റെ സഹായത്തോടെ വൈദ്യുത കമ്പിവേലി നിർമ്മാണം നടന്നു വരുന്നു. പുതിയ ചില പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.